**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 684.** **30.06.2016 ന് മറുപടിയ്ക്ക്**

**കാസറഗോഡ് എക്സൈസ് ഭവൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കാസറഗോഡ് എക്സൈസ് ഭവൻ നിർമ്മിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ ഇതിനായി സ്ഥലം ലഭ്യമാണോ ; നിർമ്മാണാവശ്യത്തിന് തുക നീക്കി വച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. കാസർഗോഡ് എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുവാൻ കാസർഗോഡ് വില്ലേജിൽ 132/1 ബി, 132/4 B എന്നീ സർവ്വേ നമ്പരുകളിൽ പ്പെട്ട 50 സെന്റ് ഭൂമി 10.12.1981-ലെ ജി.ഒ.(ആർ.റ്റി) 2090/81/ആർ.ഡി ഉത്തരവ് പ്രകാരം അനുവദി ച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 7,68,000/- രൂപ നീക്കിവച്ചിട്ടുണ്ട്. |
| (ബി) | ബദിയഡുക്കയിൽ റേഞ്ച്ഓഫീസ് നിർമ്മിക്കാൻ ഉദ്ദേശമുണ്ടോ എങ്കിൽ എവിടെ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി നീക്കിവച്ച തുക എത്രയാണ്; | (ബി) | ഉണ്ട്. 25.06.2010 ലെ കാസർഗോഡ് റവന്യൂ ഡിവിഷണൽ ആഫീസറുടെ ഇ-7302/09-ാം നമ്പർ ഉത്തരവ് പ്രകാരം ബദിയഡുക്ക വില്ലേജിൽ 25 സെന്റ് ഭൂമി അനുവദിച്ചുത്തരവായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 7,68,000/- രൂപ നീക്കിവെച്ചിട്ടുണ്ട്. |
| (സി) | അതിർത്തി പ്രദേശമായ കാസറഗോഡ് കഞ്ചാവ്, മയക്കുമരുന്ന്, വ്യാജമദ്യം തുടങ്ങിയവ വ്യാപകമായിക്കൊണ്ടിരി ക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത്? | (സി) | കർണ്ണാടക സംസ്ഥാനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ മൂന്ന് എക്സൈസ് ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് പരിശോധന നടത്തുന്നുണ്ട്. എക്സൈസ് ചെക്ക് പോസ്റ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ ഡ്രൈവ് കാലയളവുകളിൽ കർണ്ണാടക എക്സൈസ് അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നുണ്ട്. കൂടാതെ പോലീസ്, റവന്യൂ, വനം എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത പട്രോളിംഗും റെയ്ഡുകളും നടത്തി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**